(ബി) 1. നെയ്യാർ
2. മലമ്പുഴ
3. കുറ്റ്യാടി
4. കാഞ്ഞിരപ്പുഴ
5. പീച്ചി
6. പോത്തുണ്ടി
7. വാഴാനി
8. മീങ്കര
9. ചുള്ളിയാർ
10. വാളയാർ

എന്നീ ഡാമുകളും, പഴശ്ശി ബാരേജ്, പമ്പാ, പെരിയാർ എന്നീ മൂന്ന് ബാരേജുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡാമിന്റെ ഭദ്രതയെക്കുറിച്ച് മാത്രമുള്ള പഠനം ജലകമ്മീഷൻ നടത്തിയിട്ടില്ല.

(ഡി) സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷൻ പരിശോധിക്കുകയും ജലവിഭവ മന്ത്രാലയത്തിലേയ്ക്ക് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടത്തുവാനുദ്ദേശിക്കുന്ന പുതിയ പ്രോജക്ട് പ്രൊപ്പോസ്സലിൽ കേരളത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ട്.

യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ചെറുകിട ജലസേചന പദ്ധതികൾ

8 (*488) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് ജലസേചനവകുപ്പിൽ നടപ്പിലാക്കിവരുന്ന ചെറുകിട ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന "ജലവാഹിനി" പദ്ധതി വിജയകരമായിരുന്നോ ;

(സി) ജലപദ്ധതിക്കായി എത്ര കോടി രൂപ ഇ.ഇ.സി. യിൽ നിന്ന് സാമ്പത്തിക സഹായമായി ലഭിച്ചിട്ടുണ്ട്. ഈ സഹായം നല്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷിക്കാരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരുന്ന ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും അടുത്തഘട്ടം സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. പി. രാമകൃഷ്ണപിള്ള :

(എ) ഉണ്ട്.

(ബി) ജലവാഹിനി പദ്ധതി ഭാഗികമായി വിജയകരമായിരുന്നു.

(സി) ജലവാഹിനി പദ്ധതിക്കായി ഇതുവരെ 1210.96 ലക്ഷം രൂപ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. കരാറിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കേരളത്തിലെ വിവിധ ജില്ലകളിലായി 312 കുളങ്ങളുടെ പുനരുദ്ധാരണവും 115 ചെറുകിടതടയണകളും 148 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും പൂർത്തിയാക്കുക. 17,500 ഹെക്ടർ കൃഷിസ്ഥലത്തിന് ജലസേചനം ഉറപ്പാക്കുക. ഇതിനായി 14.87 മില്യൻ യൂറോ ചെലവ് വരുന്ന പദ്ധതി അംഗീകരിക്കുകയും ഇതിൽ 11.80 മില്യൻ യൂറോപ്യൻ യൂണിയനും 3.07 മില്യൻ യൂറോ കേരള സർക്കാരും വഹിക്കണം. കേരള സർക്കാരിന്റെ വിഹിതം പ്രധാനമായും ശമ്പളം, ഓഫീസ് ചെലവുകൾ, വാഹനങ്ങൾ, സ്കീമിലെ ജോലിക്കാരുടെ കൂലി, സാധനങ്ങളുടെ വില എന്നിവയ്ക്കായിരിക്കും.

2. ഓരോ സ്കീമും സാങ്കേതികമായും സാമൂഹികമായും സാമ്പത്തികമായും യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് വിലയിരുത്തേണ്ടതാണ്. അവയിൽ വിജയിക്കുന്നവ മാത്രമേ ധനസഹായത്തിനായി തെരഞ്ഞെടുക്കാവൂ.

3. ഓരോ സ്കീമിന്റെയും ആസൂത്രണം മുതൽ നിർമ്മാണം വരെയുള്ള എല്ലാ കാര്യങ്ങളിലും കർഷകപങ്കാളിത്തം ഉറപ്പാക്കണം.

4. ആധുനിക കൃഷിരീതികളിലും സ്കീമുകളുടെ സംരക്ഷണത്തിനും ജലവിതരണം, ജലവിനിയോഗം മുതലായവയിലും കർഷകർക്ക് അറിവും പരിശീലനവും നൽകണം.

5. മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ഇക്കാര്യത്തിൽ മാർഗ്ഗദർശനം നല്കുന്നതിനു വേണ്ടി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ഉണ്ടായിരിക്കണം. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനത്തിന് യൂറോപ്യൻ യൂണിയനിൽ നിന്നും നിയമിച്ചിട്ടുള്ള സാങ്കേതിക സഹായ സംഘത്തിന്റെ സഹായവും ഉപദേശവും സ്വീകരിക്കണം.

(ഡി) അടുത്ത ഘട്ടം സാമ്പത്തികസഹായം ലഭിക്കുന്നതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly